**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസന പദ്ധതി - (എൽ.എ.സി-എ.ഡി.എസ്) - എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ സർക്കാർ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ സ്റ്റേഡിയം നിർമ്മാണത്തിന് നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് പവലിയൻ നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ)നം.**240/2019/തസ്വഭവ.** തീയതി, തിരുവനന്തപുരം,**03/02/2019.**

പരാമർശം : 1) സ.ഉ (സാധാ) നം. 2876/2017/തസ്വഭവ, തീയതി 22.08.2017.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 21.05.2018 ലെ ഡി.ബി.2/8830/2017/സിഇ/തസ്വഭവ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ അഡ്വ. സ്വരാജ് എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റിയിൽ തൃപ്പൂണിത്തുറ സർക്കാർ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ സ്റ്റേഡിയം നിർമ്മാണത്തിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റ് പ്രകാരം മൈതാനത്തിൽ പുല്ല് പിടിപ്പിക്കുന്നതിനും ജലവിതരണ സംവിധാനം ഏർപ്പെടുത്തുന്നതും ആയിരുന്നെങ്കിലും ആയത് പ്രായോഗികമല്ലാത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ ഉത്തരവ് റദ്ദ് ചെയ്ത് ഇതേ തുകയ്ക്ക് " കൺസ്ട്രക്ഷൻ ഓഫ് പവലിയൻ ഫോർ സ്റ്റേഡിയം അറ്റ് ബോയ്സ് ഹൈ സ്കൂൾ ഇൻ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി" എന്ന പദ്ധതിയുടെ ഭരണാനുമതിക്കായി പരാമർശം (2) പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ അഡ്വ. സ്വരാജ് എം.എൽ.എയുടെ 2016-17 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 77,00,000/- ലക്ഷം രൂപ (രൂപ എഴുപത്തിയേഴ് ലക്ഷം മാത്രം) ചെലവഴിച്ച് തൃപ്പൂണിത്തുറ സർക്കാർ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയത്തിൽ പവലിയൻ നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി നൽകി പരാമർശം (1) ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 4515-00-800-96 projects under LAC-ADS എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ.ബി**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വ. സ്വരാജ് എം.എൽ.എ, തൃപ്പൂണിത്തുറ നിയോജകമണ്ഡലം, എറണാകുളം ജില്ല.
(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ) കേരള, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, എറണാകുളം
ധനകാര്യ വകുപ്പ് (E1062902/എൻസി-ബി3/2018/ധന, തീയതി 11/01/2019 )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം. തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നം.340/ഇപിഎ 3/2018)

ഉത്തരവിൻപ്രകാരം

Daniya M

സെക്ഷൻ ഓഫീസർ